(എഫ്) കോട്ടയം ടെക്സ്റ്റയിൽസിന്റെ 23 ഏക്കർ സ്ഥലത്തു കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനൊപ്പം വ്യവസായ വകുപ്പിന് കീഴിൽ വരുന്ന ഐ.ടി. പാർക്ക് പോലുള്ള പൊതു സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോട്ടയം ടെക്സ്റ്റയിൽസിന്റെ സമ്പൂർണ്ണ നവീകരണത്തിനായി വിശദമായ പദ്ധതി രൂപരേഖ റിയാബ് മുഖേന തയ്യാറാക്കി വരുന്നു.

സർക്കാർ ഭൂമിയിൽ കൂടുതൽ വികസന-തൊഴിലവസരങ്ങൾ

214 (599) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ ടെക്സ്റ്റയിൽസ് കോവിഡിനെ തുടർന്ന് അടച്ചുപൂട്ടിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന് വിട്ടുനൽകിയ അളഗപ്പ ടെക്സ്റ്റയിൽസിന്റേതുൾപ്പെടെയുള്ള സർക്കാർ ഭൂമിയിൽ കൂടുതൽ വികസന-തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ;

(സി) അതിനു സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി തിരികെ ഏറ്റെടുത്ത് കിൻഫ്ര പാർക്ക് ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈയിൽസ് കോർപ്പറേഷന്റെ കീഴിൽവരുന്ന ടെക്സ്റ്റൈൽ മിൽ ആയതിനാൽ സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കേണ്ടത് സംബന്ധിച്ചും മറ്റ് നടപടികൾ സ്വീകരിക്കേണ്ടതും നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ കഴിയുകയുള്ളൂ. നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly